എൽ.എൻ.ജി. ഉപയോഗിച്ച് ബ്രഹ്മപുരത്ത് വൈദ്യുതപദ്ധതി

19 (6470) ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എൻ.ജി. ഉപയോഗിച്ച് ബ്രഹ്മപുരത്ത് പുതിയ വൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുതപദ്ധതിയിൽനിന്ന് എത്ര വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) എൽ.എൻ.ജി. യുടെ വിലയുമായി തട്ടിച്ചുനോക്കുമ്പോൾ ഇതുപയോഗിച്ച് നിർമ്മിക്കുന്ന വൈദ്യുതി എത്ര രൂപയ്ക്ക് ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൽ.എൻ.ജി. ഉപയോഗിച്ച് ബ്രഹ്മപുരത്ത് ആദ്യഘട്ടത്തിൽ 400 മെഗാവാട്ട് ശേഷിയുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു. പാരിസ്ഥിതിക ആഘാത പഠനത്തിനുവേണ്ടി ഒരു കമ്പനിയെ പുമതലപ്പെടുത്തിയിട്ടുണ്ട്. പഠനത്തിനു വേണ്ടി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്സ്മെന്റ് ഏജൻസിയിൽനിന്നും ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്.

(ബി)

1. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കാനുള്ള ഏകദേശം 36-40 എം.ഡബ്ല്യു.-ന്റെ പദ്ധതി.

2. ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി വരുത്തേണ്ടുന്ന (റേഞ്ചന്റ്) സമയത്ത് ഏകദേശം 400 എം.ഡബ്ല്യു. സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിക്കുന്ന കമ്പയിൻഡ് സൈക്കിൾ വൈദ്യുത പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(സി) എൽ.എൻ.ജി.യുടെ വില അന്താരാഷ്ട്ര മാർക്കറ്റിലെ എണ്ണവിലയെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. ഏകദേശം കണക്ക് താഴെകൊടുക്കുന്നു :

36 MW

Gas Price (USD)	Variable Cost PLF(₹./kwh)	Tariff @ 80% (Nom.)₹/kwh)
16	7.59	9.60
18	8.53	10.60
20	9.47	11.60

400 MW

Gas Price (USD)	Variable Cost (Nom.) (₹./kwh)	Tariff @ 80% PLF(₹./kwh)
16	6.82	8.55
18	7.67	9.40
20	8.52	10.25

ചെറുകിട ജലവൈദ്യുതപദ്ധതികൾ

20 (6471) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ചെറുകിട ജല വൈദ്യുത പദ്ധതികൾ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് പുതുതായി തെരഞ്ഞെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നാളിതുവരെ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച നയരേഖ-കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 25 എം.ഡബ്ല്യു.വിൽ താഴെയുള്ള ചെറുകിട പദ്ധതികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പോളിസി പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നയരേഖപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ, വ്യക്തികൾ, സഹകരണമേഖലയിലെ സംരംഭകർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ചെറുകിട ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണത്തിൽ പങ്കുചേരാം. പദ്ധതികൾ നൽകുന്നത് മത്സരാർഹമായിട്ടാണ്. ഇതിനായി നിശ്ചയിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly